**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 277** **04-08-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി,**<br>**ശ്രീ കെ യു ജനീഷ് കുമാർ,**<br>**ശ്രീ. എച്ച്. സലാം,**<br>**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തിയ കേന്ദ്ര ആരോഗ്യ വകുപ്പ് അധികൃതർ തൃപ്തി പ്രകടിപ്പിച്ചിരുന്നോ; സംസ്ഥാനത്ത് കോവിഡ് പ്രതിരോധത്തിനും ചികിത്സക്കും ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ കോവിഡ് പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി 2021 ജൂലൈ 5 മുതൽ 9 വരെ കേരളം സന്ദർശിച്ച കേന്ദ്രസംഘം നിയന്ത്രണ പ്രവർത്തനങ്ങൾ വിലയിരുത്തുകയും, സർവൈലൻസ്, ടെസ്റ്റിംഗ്, ചികിത്സാ സംവിധാനങ്ങൾ, വാക്സിനേഷൻ എന്നിവ പരിശോധിക്കുകയും, തൃപ്തി രേഖപ്പെടുത്തുകയും ചെയ്തിരുന്നു. സംസ്ഥാനത്ത് കോവിഡ് പ്രതിരോധത്തിനും ചികിത്സക്കും ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ ചുവടെ ചേർക്കുന്നു. 1) രോഗമുള്ളവരെയെല്ലാം കണ്ടെത്തുന്നതിനും ചികിത്സ ലഭ്യമാക്കുന്നതിനുമായി ടെസ്റ്റിംഗ്, ട്രാക്കിംഗ്, ട്രീറ്റ്മെന്റ് എന്നിവ ശക്തമാക്കിയിട്ടുണ്ട്. നിലവിൽ ദിനംപ്രതി 1 ലക്ഷത്തിൽ കൂടുതൽ ടെസ്റ്റുകൾ നടത്തുന്നുണ്ട്. കൂടാതെ പ്രത്യേക ദിവസങ്ങളിൽ 2 ലക്ഷത്തോളം ടെസ്റ്റുകൾ നടപ്പിലാക്കിയിട്ടുണ്ട്. 23 ജൂലൈ മുതൽ ദിവസവും 1.5 ലക്ഷത്തിന് മുകളിൽ ടെസ്റ്റുകൾ ചെയ്യുവാൻ നിർദ്ദേശിക്കുകയും അത് പ്രകാരം ടെസ്റ്റിംഗ് ശക്തിപ്പെടുത്തിയിട്ടുമുണ്ട് . 2) രണ്ടാം തരംഗത്തിൽ കേസുകൾ കൂടിയ സാഹചര്യം മുൻകൂട്ടിക്കണ്ട് കൂടുതൽ ഓക്സിജൻ ബെഡുകൾ, വെന്റിലേറ്ററുകൾ, ഐ.സി.യു സൗകര്യങ്ങൾ എന്നിവ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 3) പ്രത്യേകമായുള്ള കോവിഡ് ആശുപത്രികൾ ആരംഭിച്ചു. നിലവിലുള്ള കോവിഡ് ആശുപത്രികളിലേയും സി.എഫ്.എൽ.റ്റി.സി.കളിലെയും സൗകര്യങ്ങൾ വർദ്ധിപ്പിച്ച് വിദഗ്ധ ചികിത്സ ഉറപ്പ് വരുത്തുന്നു. ജില്ലാ തലത്തിലുള്ള DPMSU (District Project Management Support Unit) കൾ വഴി ഒഴിവുള്ള |

സ്ഥലങ്ങളിലെ ബെഡുകൾ രോഗികൾക്ക് ലഭ്യമാക്കുന്നതിനുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. 4) ഓക്സിജൻ ലഭ്യത ഉറപ്പ വരുത്തുന്നതിനായി അധികമായി ഓക്സിജൻ പ്ലാന്റുകൾ, ഓക്സിജൻ പൈപ്പ് ലൈനുകൾ, ഓക്സിജൻ സിലിണ്ടറുകൾ എന്നിവ സജ്ജീകരിക്കുന്നതിന് വേണ്ട നടപടികൾ പൂർത്തീകരിച്ചു വരുന്നു. ഇതോടൊപ്പം ഓക്സിജൻ ഓഡിറ്റ് സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. 5) ഓക്സിജന്റെ ഉപയോഗം, സ്റ്റോക്ക്, സ്ഥിതി, ആവശ്യകത ഇവ നിരന്തരം മോണിറ്റർ ചെയ്യുന്നതിനുള്ള ഓക്സിജൻ വാർ റൂമുകൾ വഴി ജില്ലാ സംസ്ഥാന തലങ്ങളിൽ പ്രവർത്തനം ഏകോപിപ്പിച്ചു വരുന്നു. 6) കോവിഡ് ചികിത്സക്കാവശ്യമായ വിവിധ തരം മരുന്നുകളും മറ്റ് ആശുപത്രി ഉപകരണങ്ങളും കെ.എം.എസ്.സി.എൽ മുഖേന മുടക്കം കൂടാതെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 7) സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി KASP -ൽ ഉൾപ്പെട്ടിട്ടുള്ള രോഗികൾക്കും സർക്കാർ റഫർ ചെയ്യുന്ന രോഗികൾക്കും KASP-ൽ എംപാനൽ ചെയ്ത ആശുപത്രികളിൽ സൗജന്യ ചികിത്സ ഉറപ്പാക്കി. കൂടാതെ കോവിഡ് ചികിത്സയ്ക്ക് 50% ബെഡുകൾ സ്വകാര്യ ആശുപത്രികളിൽ മാറ്റി വയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുകയും സാധാരണ ജനങ്ങൾക്ക് സ്വകാര്യ ആശുപത്രികളിൽ മിതമായ നിരക്കിൽ കോവിഡ് ചികിത്സ ഉറപ്പാക്കുന്നതിനായി സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാ നിരക്ക് നിശ്ചയിച്ച് ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്. 8) പ്രാഥമികാരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള സ്ഥലങ്ങളിൽ പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ വഴി കോവിഡിന് ശേഷമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾക്ക് ചികിത്സ ലഭ്യമാക്കി വരുന്നു. 9) കോവിഡിന്റെ മാറി വരുന്ന സാഹചര്യങ്ങൾക്ക് അനുസൃതമായി ഡോക്ടർമാർക്കും, വിവിധ വിഭാഗം ജീവനക്കാർക്കുമുള്ള പരിശീലന പരിപാടികളും പൊതുജനങ്ങൾക്കായുള്ള ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തി വരുന്നു. 10) സംസ്ഥാനതല വിദഗ്ദ്ധ സമിതി നൽകുന്ന നിർദ്ദേശങ്ങൾ പരിഗണിച്ച് ആവശ്യമായ തീരുമാനങ്ങൾ സർക്കാർ തലത്തിൽ കൈക്കൊള്ളുകയും പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യുന്നു. 11) ബഹു. കേരള മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനതല ഉദ്യോഗസ്ഥരേയും ജില്ലാതല കളക്ടർമാരുടെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥരേയും പങ്കെടുപ്പിച്ചു കൊണ്ട് അവലോകന യോഗങ്ങൾ വഴി

സംസ്ഥാനത്തെ കോവിഡ് പ്രവർത്തനങ്ങൾ വിലയിരുത്തുകയും പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്നു. 12) വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പ് വരുത്തിക്കൊണ്ടും ജന പ്രതിനിധികളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ കോവിഡ് നിയന്ത്രണ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്. 13) വാക്സിൻ ലഭ്യത ഉറപ്പുവരുത്തുന്നതിനും, പരമാവധി ജനങ്ങളിലേക്ക് വാക്സിൻ എത്തിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ച് നടപ്പിലാക്കി വരുന്നു. 14) ലോകമെമ്പാടും മൂന്നാം തരംഗത്തിൽ കുട്ടികളെയാണ് രോഗം കൂടുതലായി ബാധിക്കുക എന്ന് വിദഗ്ധർ അഭിപ്രായപ്പെട്ടതിനെ തുടർന്ന് കേരളത്തിലും കുട്ടികൾക്ക് വേണ്ടിയുള്ള ചികിത്സാ സംവിധാനങ്ങൾ വർദ്ധിപ്പിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 15) പി.എച്ച്.സി/ സി.എച്ച്.സി/ എഫ്.എച്ച്.സി കളിൽ കൂടി കോവിഡ് പ്രാഥമിക ചികിത്സയും താലൂക്ക് ആശുപത്രികൾ മുതൽ റഫറൽ ചികിത്സയും താരതമ്യേന ഗുരുതരമായ കേസുകൾ ജില്ലാ/ജനറൽ ആശുപത്രികളിലും അതീവ ഗുരുതരമായ കേസുകൾ മെഡിക്കൽ കോളേജുകളിലും ചികിത്സ ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 16) മേൽപ്പറഞ്ഞ എല്ലാ സംവിധാനങ്ങളിലും കുട്ടികളെ ചികിത്സിക്കുന്നതിന് വേണ്ടി പ്രത്യേക സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിനു വേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട്. 17) താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി, സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള ആശുപത്രി, അമ്മയും കുഞ്ഞും ആശുപത്രി എന്നിവിടങ്ങളിൽ High Dependancy Unit സ്ഥാപിക്കുന്നതിനു വേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. 18) എല്ലാ മെഡിക്കൽ കോളേജുകളിലും ഏറ്റവും കുറഞ്ഞത് പത്ത് പീഡിയാട്രിക് ഐ.സി.യു കിടക്കകൾ വീതം സജ്ജീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 19) കോവിഡിനോടനുബന്ധിച്ച് കാണപ്പെട്ട മ്യൂക്കർ മൈക്കോസിസ് (ബ്ലാക്ക് ഫംഗസ്) രോഗം ചികിത്സിക്കുന്നതിന് ആവശ്യമായ മരുന്നുകൾ കെ.എം.എസ്.സി.എൽ വഴി ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 20) അന്താരാഷ്ട്ര യാത്രികർക്ക് വിമാനത്താവളങ്ങളിൽ ആർ.റ്റി.പി.സി.ആർ പരിശോധനക്ക് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. 21) കേരളത്തിലേക്ക് യാത്ര ചെയ്യുന്നവർ 48

| | | | |
|---|---|---|---|
| | | | മണിക്കൂറിനുള്ളിലുള്ള ആർ.റ്റി.പി.സി.ആർ നെഗറ്റീവ് റിസൾട്ട് ആരോഗ്യ ജാഗ്രതാ പോർട്ടലിൽ ചേർക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 22) കോവിഡ്-19 വൈറസിന്റെ ജനിതക മാറ്റം വന്ന വകഭേദങ്ങൾ കണ്ടെത്തുന്നതിന് ജീനോമിക് സീക്വൻസിംഗ് നടത്തുന്നതിനു വേണ്ട സജ്ജീകരണങ്ങൾ IGIB, Delhi വഴി ഏർപ്പെടുത്തിയിട്ടുണ്ട്. 23) കേരളത്തിലെ 1200 ൽ അധികം സർക്കാർ വാക്സിനേഷൻ സെന്ററുകൾ വഴി കോവിഡ് വാക്സിൻ നൽകി വരുന്നു. കോവിഡ് വാക്സിൻ കൂടുതൽ ആളുകൾക്ക് നൽകുന്നത് വഴി കോവിഡിന്റെ മൂന്നാം തരംഗം നിയന്ത്രിക്കുന്നതിന് സാധിക്കും. കൂടാതെ കോവിഡ് വാക്സിനേഷൻ ലഭിച്ചവരിൽ കോവിഡ് വന്നാലും ഗുരുതരമായ അവസ്ഥയിലേക്ക് പോകുന്നതിനുള്ള സാദ്ധ്യത കുറവാണ്. |
| (ബി) | കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിയുടേതായി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള പ്രസ്താവനയിൽ വാക്സിൻ നൽകുന്നതിൽ കേരളത്തിലെ സ്ഥിതി മോശമാണെന്ന രീതിയിൽ അഭിപ്രായപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലെ നിജസ്ഥിതി രാജ്യത്തെ പൊതുസാഹചര്യവുമായി താരതമ്യം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇന്ത്യയിൽ 130 കോടി ജനങ്ങളിൽ 34,91,46,917 പേർക്ക് ഒന്നാം ഡോസും 9,66,13,557 പേർക്ക് രണ്ടാം ഡോസും ജൂലൈ 28 തീയതി വരെ നൽകി. അതായത് ജനസംഖ്യാടിസ്ഥാനത്തിൽ ദേശീയ-തലത്തിൽ 26.85 ശതമാനം പേർക്ക് ഒന്നാം ഡോസും 7.4 ശതമാനം പേർക്ക് രണ്ടാം ഡോസും നൽകിയിട്ടുണ്ട്. കേരളത്തിലെ 2021 ലെ എസ്റ്റിമേറ്റ് ജനസംഖ്യ 3.51 കോടിയായി കണക്കാക്കിയാൽ ജൂലൈ 28 വരെ 1,32,89,968 പേർക്ക് ഒന്നാം ഡോസും 57,16,883 പേർക്ക് രണ്ടാം ഡോസും നൽകിയിട്ടുണ്ട്. അതായത് കേരളത്തിൽ 37.86 ശതമാനം പേർക്ക് ഒന്നാം ഡോസും 16.28 ശതമാനം പേർക്ക് രണ്ടാം ഡോസും വാക്സിൻ നൽകി. ഇത് ദേശീയ ശരാശരിയെക്കാളും വളരെ കൂടുതലാണ്. |
| (സി) | സംസ്ഥാനത്ത് എല്ലാവർക്കും നൽകാൻ ആവശ്യമായ അളവിൽ വാക്സിൻ ലഭ്യമാക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ; കേന്ദ്ര സർക്കാരിൽ നിന്നും വേണ്ടത്ര ഡോസ് വാക്സിൻ ലഭിച്ചിട്ടുണ്ടോ; | (സി) | കേന്ദ്ര സർക്കാരിനോട് സർക്കാർ തലത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തിനാകെ 1,76,16,470 ഡോസ് വാക്സിനാണ് ജൂലൈ 28 തീയതി വരെ ലഭ്യമായത്. അതിൽ 12,04,960 ഡോസ് കോവിഷീൽഡ് വാക്സിനും 1,37,580 ഡോസ് കോവാക്സിനും സംസ്ഥാനം വാങ്ങിയതാണ്. 1,46,06,290 ഡോസ് കോവിഷീൽഡ് വാക്സിനും 16,67,640 ഡോസ് കോവാക്സിനും കേന്ദ്രം നൽകിയതാണ്. |
| (ഡി) | കോവിഡ് പ്രതിരോധത്തിലും വാക്സിൻ വിതരണത്തിലും കേന്ദ്രത്തിനുണ്ടായ വീഴ്ച മറച്ചുവയ്ക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെക്കുറിച്ച് അടിസ്ഥാനരഹിതമായ പ്രസ്താവനകൾ നടത്തുന്നത് | (ഡി) | മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇന്ത്യയിൽ 130 കോടി ജനങ്ങളിൽ 34,91,46,917 പേർക്ക് ഒന്നാം ഡോസും 9,66,13,557 പേർക്ക് രണ്ടാം ഡോസും ജൂലൈ 28 തീയതി വരെ നൽകി. |

| | | | |
|---|---|---|---|
| | അവസാനിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുമോ? | | അതായത് ജനസംഖ്യാടിസ്ഥാനത്തിൽ ദേശീയ-തലത്തിൽ 26.85 ശതമാനം പേർക്ക് ഒന്നാം ഡോസും 7.4 ശതമാനം പേർക്ക് രണ്ടാം ഡോസും നൽകിയിട്ടുണ്ട്. കേരളത്തിലെ 2021 ലെ എസ്റ്റിമേറ്റ് ജനസംഖ്യ 3.51 കോടിയായി കണക്കാക്കിയാൽ ജൂലൈ 28 വരെ 1,32,89,968 പേർക്ക് ഒന്നാം ഡോസും 57,16,883 പേർക്ക് രണ്ടാം ഡോസും നൽകിയിട്ടുണ്ട്. അതായത് കേരളത്തിൽ 37.86 ശതമാനം പേർക്ക് ഒന്നാം ഡോസും 16.28 ശതമാനം പേർക്ക് രണ്ടാം ഡോസും വാക്സിൻ നൽകി. ഇത് ദേശീയ ശരാശരിയെക്കാളും വളരെ കൂടുതലാണ്. |

സെക്ഷൻ ഓഫീസർ